# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**

**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 5218/25 തിയ്യതി : 26.08.2025

**ഹാജർ**

| | | |
|---|---|---|
| ടി. എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ. അസിയ.പി.കെ | - | മെമ്പർ |

ഉഷ വേണുഗോപാൽ
ഓം വിഹാർ
പൂങ്കുന്നം, തൃശ്ശൂർ.

പരാതിക്കാരൻ

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

എതിർകക്ഷി

**പരാതിയുടെ സംക്ഷിപ്ത രൂപം :**

ഉഷ വേണുഗോപാലിൻെറ പേരിലുളള 12398 കൺസ്യൂമർ നമ്പറിലുളള സർവ്വീസ് കണക്ഷനിൽ 14.05.2025 ലെ ബിൽ തുക 14,024/- രൂപ വന്നിട്ടുണ്ട്. എന്നാൽ തൊട്ടു മുൻപുളള 09.03.2025 ലെ ബിൽ തുക 2,669/- രൂപയും ശേഷമുളള 14.07.2025 ലെ ബില്ലിൽ 5,353/- രൂപയുമാണ് വന്നിട്ടുളളത്. ഈ സാഹചര്യത്തിൽ മീറ്റർ ചെക്കിന് അപേക്ഷിച്ചിരുന്നു. മീറ്റർ ചെക്ക് ചെയ്ത ശേഷം മീറ്ററിന് തകരാറില്ല എന്ന മറുപടിയാണ് ഉപഭോക്താവിന് ലഭിച്ചത്. ഇത്രയും അധികമായി ബിൽ തുക വരുന്നതിന് സാധ്യതകളില്ലാത്തതിനാൽ ആയത് പരിഹരിക്കുന്നതിനാണ് പരാതി.

**ഫോറത്തിൻെറ നടപടികൾ :**

26.07.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. ലൈസൻസിക്കു വേണ്ടി വിഷയത്തിൽ സത്യവാങ്മൂലം നൽകുന്നതിന് സെക്ഷൻ 3 അസിസ്റ്റന്റ് എഞ്ചിനീയർക്കും ബിലിങ്ങ് സെക്ഷനും നിർദ്ദേശം നൽകി. 26.08.2025 ന് ചേരുന്ന സി.ജി.ആർ.എഫ്. സിറ്റിങ്ങിൽ നേരിൽ കേൾക്കുന്നതിന് ഹാജരാകുന്നതിനായി പരാതിക്കാരന് അറിയിപ്പ് നൽകി.

**വിഷയത്തിൽ സെക്ഷൻ 3 അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സത്യവാങ്മൂലം.**

30/630 എന്ന കെട്ടിട നമ്പറിൽ ശ്രീമതി. ഉഷവേണുഗോപാലൻ എന്നയാളുടെ പേരിൽ നൽകിയ കൺസ്യൂമർ നമ്പർ 12398 എന്ന സിംഗിൾ ഫേസ് കണക്ഷനിൽ വൈദ്യുതി ബിൽ കൂടുതലാണ് എന്ന പരാതി 28.05.2026 ൽ വൈദ്യുതി വിഭാഗത്തിൽ ലഭിക്കുകയുണ്ടായി. പരാതിയുടെ അടിസ്ഥാനത്തിൽ ടി സ്ഥലത്ത് മീറ്റർ പരിശോധിക്കുന്നതിനായി 26.06.2025 ന് ചെക്ക് മീറ്റർ സ്ഥാപിച്ചു. നിലവിലെ മീറ്റർ റീഡിംഗ് 16722.8 ഉം ചെക്ക് മീറ്റർ റീഡിംഗ് 6039.4 എന്നിങ്ങനെയാണ് ചെക്ക് മീറ്റർ സ്ഥാപിച്ച സമയം ഉണ്ടായിരുന്നത്. തുടർന്ന് 03.07.25 ന് ചെക്ക് മീറ്റർ അഴിച്ചെടുത്തു. 16797.1 ആയിരുന്നു നിലവിലെ മീറ്റർ റീഡിംഗ്. ചെക്ക് മീറ്റർ റീഡിങ്ങ് 6114.4

നിലവിൽ ഉളള മീറ്ററിൻെറയും ചെക്ക് മീറ്ററിൻെറയും റീഡിംഗ് തമ്മിൽ കാര്യമായ വ്യത്യാസം ഇല്ലാത്തതിനാൽ മീറ്ററിന് തകരാർ ഇല്ലാത്തതാണ്. ആയതിൻെറ അടിസ്ഥാനത്തിൽ ബിൽ അടയ്ക്കുന്നതിനും മീറ്റർ ടെസ്റ്റ് വകയിൽ 110/- രൂപ അടയ്ക്കുന്നതിനും അപേക്ഷകനെ അറിയിച്ചിട്ടുളളതാണ്. നിലവിൽ 14.05.2025, 14.07.2025 എന്നീ തീയതികളിൽ നൽകിയ ബില്ലുകൾ അപേക്ഷകൻ അടച്ചിട്ടില്ലാത്തതാണ്.

**വിഷയത്തിൽ ബില്ലിങ്ങ് സെക്ഷൻ സമർപ്പിച്ച സത്യവാങ്മൂലം.**

കൺസ്യൂമർ നമ്പർ : 12398, IA താരിഫിൽ സ്പോട്ട് ബിൽ, ബൈ മന്ത്ലിയിൽ ബിൽ ചെയ്തു വരുന്ന കണക്ഷനാണ്. ടി കണക്ഷനിൽ 14.05.2025 ൽ നൽകിയ ബിൽ തുക അധികമായത് സംബന്ധിച്ചാണ് മേൽ പരാതിയിൽ ഉന്നയിച്ചിട്ടുളളത് എന്ന് കാണുന്നു. ടി കണക്ഷനിൽ 09.03.2025 ൽ ലഭിച്ച റീഡിങ്ങ് 15052 ഉം 14.05.2025 ൽ ലഭിച്ച റീഡിങ്ങ് 16275 ഉം ആകുന്നു. ആയത് പ്രകാരം 15.05.2025 ലെ യൂണിറ്റ് 1223 ആകുന്നു. ടി യൂണിറ്റിന് തന്നെയാണ് ബിൽ ചെയ്തിട്ടുളളത്. പരാതിക്കാധാരമായ ബില്ലിൻെറ കോപ്പി ഇതോടൊപ്പം ചേർക്കുന്നു. ആയത് പ്രകാരം ബിൽ തുക 14,024/- രൂപയാണ്. ടി ബിൽ പരിശോധിച്ചപ്പോൾ ബിൽ തുകയിൽ അപാകതയുളളതായി കണ്ടെത്തിയിട്ടുണ്ട്. മാനുവൽ ആയി ചെയ്യുമ്പോൾ തുക 12,979/- രൂപയാകുന്നു. ബിൽ തുകയിൽ അപാകതയുളളതിനാൽ ടി ബിൽ റിവൈസ് ചെയ്ത് നൽകേണ്ടതാണെന്ന് കാണുന്നു. റിവൈസ് ചെയ്യുമ്പോൾ ലഭിക്കുന്ന ബില്ലിൻെറ വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർക്കുന്നു.

**ഫോറത്തിൻെറ നിഗമനം :**

സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം 7 ദിവസം പരിശോധന മീറ്റർ സ്ഥാപിച്ച് പരിശോധിച്ചു എങ്കിലും മീറ്ററിന് തകരാറില്ല. എന്നാൽ പരാതിക്കടിസ്ഥാനമായ ബില്ലിൽ പ്രകടമായ വ്യത്യാസം കാണുന്നു. പരാതിക്കാരനെ നേരിൽ കേൾക്കുന്നതിന് ഹാജരാകുന്നതിനായി അറിയിപ്പ് നൽകിയെങ്കിലും ടിയാൻ ഹാജരായില്ല. ബില്ലിങ്ങ് സെക്ഷൻ നൽകിയ റിപ്പോർട്ട് പ്രകാരം ബിൽ തുകയിൽ വ്യത്യാസം വന്നതായി കാണുന്നു. ആയത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

**ഇടക്കാല ഉത്തരവ്:**

പരാതിക്കാരൻെറ മീറ്റർ ഒരു ബില്ലിങ്ങ് സൈക്കിൾ പൂർത്തിയാകും വരെ ചെക്ക് മീറ്റർ മുഖേന പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന് സെക്ഷൻ 3 അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ടും പരാതിക്കാധാരമായ ബില്ലിൽ തുക വ്യത്യാസമുളളതിനാൽ കമ്പ്യൂട്ടർ സോഫ്റ്റ് വെയറിൽ ആയത് അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കുന്നതിനും ഉത്തരവാകുന്നു.

| | | |
|---|---|---|
| അഡ്വ. അസിയ.പി.കെ | വിനുകൃഷ്ണൻ. കെ | ടി.എസ്. ജോസ് |
| മെമ്പർ | മെമ്പർ | ചെയർപേഴ്സൺ |